പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1249 07.06.2018-ൽ മറുപടിക്ക്

## ദേശീയപാതാ വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മോൻസ് ജോസഫ്<br>,, പി.ജെ.ജോസഫ്<br>,, റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ് | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നാലുവരി ദേശീയപാത വികസനത്തിന് റോഡിന് ഇരുവശത്തുനിന്നും ഒരേപോലെ ഭൂമി ഏറ്റെടുക്കണമെന്ന് ദേശീയപാതാ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;<br><br>(ബി) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കലിൽ ആരാധനാലയങ്ങളുടെ കാര്യത്തിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; | (എ) & (ബി) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് സ്ഥലമെടുപ്പ് നടത്തുന്നതിന് ഇരു ഭാഗത്തും തുല്യമായ സ്ഥലം ഏറ്റെടുക്കണം എന്ന നിബന്ധന നാളിതുവരെ ചെലുത്തിയിട്ടില്ല. എന്നാൽ അലൈൻമെന്റ് സ്കെച്ച് തയ്യാറാക്കുന്നത് കേരള സർക്കാരിന്റെ നിബന്ധനകൾക്കും അംഗീകാരത്തിനും വിധേയമായിട്ടാണ്. പൊന്നും വിലയ്ക്ക് സ്ഥലമെടുക്കുന്നതിന് ആരാധനാലായങ്ങളെ വ്യക്തമായ കാരണങ്ങൾ ഉൾക്കൊണ്ട് കഴിവതും ഒഴിവാക്കിയാണ് അലൈൻമെന്റ് സ്കെച്ച് സംസ്ഥാന സർക്കാർ അംഗീകരിച്ചു വരുന്നത്. സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്ന കൺസൾട്ടന്റ് സാങ്കേതിക വശങ്ങൾ മുൻനിർത്തി സ്ഥലത്തിന്റെ ആവശ്യകത വിശദമായ പരിശോധനകൾക്ക് ശേഷമാണ് ശുപാർശ നൽകുന്നത്. ആയത് ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് കോഡ്/കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം എന്നീ കാര്യാലയങ്ങളുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടും ആണ്. |
| (സി) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് അലൈൻമെന്റിൽ മാറ്റം വരുത്തുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ; | (സി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ സമർപ്പിച്ച അലൈൻമെന്റ് സംസ്ഥാന സർക്കാർ അംഗീകരിച്ചു വന്നിരുന്നു. എന്നാൽ പൊതുജനങ്ങളുടെ ആവശ്യകത മാനിച്ച് ആവശ്യമായ സ്ഥലങ്ങളിൽ അലൈൻമെന്റിൽ മാറ്റം വരുത്തുന്നതിനായി സർക്കാർ തലത്തിൽ വിവിധ ജനപ്രതിനിധികളുമായി ചർച്ച |

നടത്തി ജനങ്ങളുടെ പരാതികൾക്ക് യുക്തമായ നടപടികൾ സ്വീകരിക്കുവാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ദേശീയ പാതാ വികസനത്തിന്റെ സ്ഥലമേറ്റെടുക്കൽ എന്നത്തേക്ക് പൂർത്തിയാകും എന്നറിയിക്കാമോ; | (ഡി) & (ഇ) | ദേശീയപാത വികസനത്തിന്റെ ഭാഗമായി സ്ഥലമേറ്റെടുക്കൽ നടപടികൾ വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളായാണ് നടക്കുന്നത് സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏകോപിപ്പിക്കാൻ സംസ്ഥാന സർക്കാർ ഐ.എ.എസ്സ് കേഡറിലുള്ള ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. സമയബന്ധിതമായി സ്ഥലം ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഇ) | പണി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നറിയിക്കാമോ? | | |

S. Bindu

സെക്ഷൻ ഓഫീസർ